എക്സൈസ് പ്രിവന്റീവ് ഓഫീസർ റാങ്ക്ലിസ്റ്റ്

68 (402) ശ്രീ. എം.വി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് പ്രിവന്റീവ് ഓഫീസർ തസ്തികയിലേക്ക് പി.എസ്.സി. തയ്യാറാക്കിയ റാങ്ക്ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത റാങ്ക്ലിസ്റ്റിൽ നിന്നും ഇതുവരെയായി എത്ര നിയമനം നടന്നിട്ടുണ്ടെന്ന് വ്യക്ത മാക്കുമോ;

(ബി) എക്സൈസ് പ്രിവന്റീവ് ഓഫീസർമാരുടെ നിലവിലുള്ള നിയമ നരീതി എപ്രകാരമാണെന്ന് വ്യക്തമാക്കാമോ;

(സി) അപ്രകാരം നേരിട്ടുള്ള നിയമനത്തിനായി എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്നും അതിൽ എത്ര ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) ഇതിനുമുൻപ് നിയമനം നടന്നിട്ടുള്ളത് എപ്പോഴാണെന്നും അതിനുശേഷം ഇതുവരെയായി ഉണ്ടായിട്ടുള്ള ആകെ ഒഴിവുകൾ എത്രയാ ണെന്നും വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ഒഴിവുകളിൽ നേരിട്ടുള്ള നിയമനത്തിനായി മാറ്റിവ ച്ചിട്ടുള്ളത് എത്രയാണെന്ന് വിശദമാക്കാമോ; അവയിൽ എത്രയെണ്ണം പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(എഫ്) ഇതുവരെയായി എത്ര എൻ.ജെ.ഡി ഒഴിവുകൾ ഉണ്ടാക്കിയിട്ടു ണ്ടെന്നും അവയിൽ എത്രയെണ്ണം പി.എസ്.സി.ക്ക് റിപ്പോർട്ടുചെയ്തിട്ടു ണ്ടെന്നും വ്യക്തമാക്കാമോ;

(ജി) വ്യാജമദ്യദുരന്തത്തിന്റേയും മറ്റും സാഹചര്യത്തിൽ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എക്സൈസ് ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. 304 പേരെ നിയമിച്ചിട്ടുണ്ട്.

(ബി) എക്സൈസ് സ്പെഷ്യൽ റൂൾ പ്രകാരം ഓരോ നാലാമത്തെ ഒഴിവും നേരിട്ടുള്ള നിയമനം വഴിയും ബാക്കിയുള്ള ഒഴിവുകൾ ഗാർഡ് തസ്തികയിൽ നിന്നുള്ള പ്രൊമോഷൻ വഴിയുമാണ് നടത്തുന്നത്.

(സി) നേരിട്ടുള്ള നിയമനത്തിനായി 31-8-99 വരെ 304 ഒഴിവുകൾ ഉണ്ടാ കുകയും അത് പി.എസ്.സി.യ്ക്ക് റിപ്പോർട്ടു ചെയ്യുകയും ചെയ്തിട്ടുണ്ട്. നേരിട്ടുള്ള നിയമനത്തിന് 31-8-99 ന് ശേഷം ഉണ്ടായ ഒഴിവുകൾ ബഹു.ഹൈ ക്കോടതിയുടെ ഒ.പി.നം. 27869/99 ലെ വിധിപ്രകാരം എക്സൈസ് ഗാർഡുമാ രുടെ പ്രൊമോഷനുവേണ്ടി മാറ്റിവച്ചിട്ടുള്ളതാണ്.

(ഡി) 17-5-1982 ലാണ് പി.എസ്.സി. വഴി നേരിട്ടുള്ള നിയമനം അവസാ നമായി നടന്നത്. അതിനുശേഷം നേരിട്ടുള്ള നിയമനത്തിനായി 31-8-1999 വരെ 304 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്.

(ഇ) 304 ഒഴിവുകൾ. ഈ ഒഴിവുകൾ എല്ലാം പി.എസ്.സി യ്ക്ക് റിപ്പോർട്ടുചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) 10 എൻ.ജെ.ഡി. ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ അവ പി.എസ്.സി.ക്ക് റിപ്പോർട്ടുചെയ്തിട്ടില്ല.

(ജി) എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം തീരുമാനിച്ചിട്ടില്ല.

കള്ളുഷാപ്പ് ലേലത്തുക കുറയാനുള്ള കാരണം

69 (403) ശ്രീ. എഴുകോൺ നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിസ്ത് കുടിശ്ശികയെ തുടർന്ന് പിടിച്ചെടുക്കപ്പെട്ട തിരുവനന്തപുരം റെയിഞ്ചിലെ മണിച്ചന്റെ കള്ളുഷാപ്പുകൾ എന്ത് തുകയ്ക്കാണ് ലേലത്തിൽ പോയത്;

(ബി) ഈ ഷാപ്പുകൾ മണിച്ചൻ എന്തു തുകയ്ക്കാണ് ലേലം കൊണ്ടിരുന്നത്;

(സി) ഇപ്പോൾ ലേലത്തുക കുറയുവാനുള്ള സാഹചര്യം എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ ഷാപ്പുകൾക്ക് പ്രതിദിനം എന്ത് തുക നൽകാമെന്ന് തൊഴിലാളി സംഘടനകൾ നിർദ്ദേശം വച്ചിരുന്നു;

(ഇ) ഇപ്പോൾ ഷാപ്പുകൾ ലേലത്തിൽ പോയത് പ്രതിദിനം എന്ത് തുകയ്ക്കാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) തിരുവനന്തപുരം റെയിഞ്ചിലെ 1-37 നമ്പർ കള്ളുഷാപ്പുകൾ കൂടിയാലോചനവഴി ശ്രീ. ശശികുമാർ, സന്തോഷ് കുമാർ എന്നിവർ 60 ലക്ഷം രൂപയ്ക്ക് ഓഫർ നൽകിയിട്ടുണ്ട്. എന്നാൽ കെ.ആർ. രമേശ്, എസ്. ഷാജി എന്നീ കള്ളുഷാപ്പു തൊഴിലാളി പ്രതിനിധികൾ 81 ലക്ഷം രൂപയുടെ ഓഫർ നൽകി ഇതിന്റെ തീരുമാനം ബഹു. ഹൈക്കോടതിയുടെ 33806/2000 നമ്പർ ഒ.പി.യിൽ സ്റ്റേ ചെയ്തിരിക്കുകയാണ്. മധുസൂദനൻ, ജനാർദ്ദനൻ നായർ, ലളിത, ഉഷ, രാജു, മനോഹരൻ, ബിനു എന്നിവരുടെ പേരിൽ 10,65,00,100 രൂപ (പത്തു കോടി അറുപത്തിയഞ്ചു ലക്ഷത്തി ഒരുനൂറു രൂപയാണ്).

(സി) ഇടക്കാലത്തുണ്ടായ മദ്യദുരന്തത്തോടനുബന്ധിച്ച് പൊതുജനങ്ങളുടെ എതിർപ്പുമൂലം പല കള്ളുഷാപ്പുകളും അടച്ചിടേണ്ട സാഹചര്യം ഉണ്ടാകുകയും തുടർന്നും പൊതുജനങ്ങളുടെ എതിർപ്പും വിൽപ്പന മാന്ദ്യവും ഉണ്ടാകാനിടയുണ്ടെന്ന് ബോദ്ധ്യമായതിനാലാവണം തുക കുറഞ്ഞുപോയത്,

(ഡി) ഡിപ്പാർട്ട് മാനേജ്മെന്റ് വ്യവസ്ഥയിൽ തൊഴിലാളി സംഘടനകളിൽപ്പെട്ട എസ്. ഷാജി, കെ.ആർ. രമേശ് എന്നിവർ ചേർന്ന് ദിനംപ്രതി 39,600 രൂപയ്ക്ക് ഏറ്റെടുത്ത് നടത്താൻ തയ്യാറായി.

(ഇ) ഹൈക്കോടതിയിലെ ഒ.പി. 33806/2000 ലെ ഇടക്കാല സ്റ്റേ കാരണം ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly